# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.3116

15.12.2015-ൽ മറുപടിക്ക്

**ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മാണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് നാളിതുവരെ സർക്കാരിന് ആരിൽ നിന്നെല്ലാം നിവേദനം ലഭിച്ചിട്ടുണ്ട്; പ്രസ്തുത നിവേദനത്തിൽ ഓരോന്നിലും സ്വീകരിച്ചിട്ടുള്ള നടപടികൾ ബന്ധപ്പെട്ട ഫയൽ നമ്പർ സഹിതം വിശദമാക്കാമോ; | എ) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ചേമഞ്ചേരി മണ്ഡലം കോൺഗ്രസ് കമ്മിറ്റി പ്രസിഡന്റ്, ആൾ കേരള ഡോക്യുമെന്റ് റൈറ്റേഴ്സ് & സ്ക്രൈബ്സ് അസോസിയേഷൻ ചേമഞ്ചേരി യൂണിറ്റ്, തിരുവങ്ങൂർ എച്ച്.എസ്.എസ്. സോഷ്യൽ സയൻസ് ക്ലബ് കൺവീനർ മുതലായവരിൽനിന്ന് നിവേദനങ്ങൾ സർക്കാരിന് ലഭിച്ചിരുന്നു. കൂടാതെ, ഈ വിഷയത്തിൽ ബഹു.കൊയിലാണ്ടി എം.എൽ.എ ശ്രീ.കെ.ദാസൻ, ബഹു.രജിസ്ട്രേഷൻ വകുപ്പ് മന്ത്രിക്ക് 03.05.2013, 30.07.2015 എന്നീ തീയതികളിൽ കത്തുകളും നൽകിയിട്ടുണ്ട്. 12842/ഇ 3/2013/നി.വ. നമ്പരിലുള്ള ഫയൽ ഈ വിഷയം സംബന്ധിച്ച് സർക്കാരിൽ ഇപ്പോഴുണ്ട്. ഈ ഫയലിൽ, രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ട് 12.06.2013, 17.08.2015 തീയതികളിൽ കത്തുകൾ നൽകിയിരുന്നു. ആയതിന് സർക്കാരിൽ ഒരു ഇടക്കാല മറുപടി ലഭ്യമായിട്ടുണ്ട്. മുകളിൽ സൂചിപ്പിച്ച മറ്റ് നിവേദനങ്ങൾ ലഭ്യമായപ്പോൾ ആയവ തുടർ നടപടികൾക്കായി രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന് അയച്ചുകൊടുക്കുകയാണുണ്ടായത്. |
| ബി) ചേമഞ്ചേരി സബ് രജിസ്ട്രാർ ഓഫീസ് പുനർ നിർമ്മിക്കുന്നതിനുള്ള നടപടികൾ | ബി) ക്വിറ്റ് ഇന്ത്യാ പ്രക്ഷോഭവുമായി ബന്ധപ്പെട്ട പഴയ കെട്ടിടം ഇപ്പോൾ ചേമഞ്ചേരി |

| | |
|---|---|
| എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ? | ഗ്രാമപഞ്ചായത്തിന്റെ അധീനതയിലാണ്. നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ചേമഞ്ചേരി സബ് രജിസ്ട്രാർ ആഫീസിന് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനായി ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് സ്ഥലം വാഗ്ദാനം ചെയ്തിട്ടുണ്ട്. ടി സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. സ്ഥലം രജിസ്ട്രേഷൻ വകുപ്പിന്റെ പേരിൽ ലഭ്യമായതിനു ശേഷംമാത്രമേ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**